SUNDAY 29/06/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/06/2025

1. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇൻ്ററർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷി ഭവൻ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

2. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025. അന്വേഷണങ്ങൾക്ക് 0487-

243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

3. കശുമാവ് കൃഷിവികസന ഏജൻസി മുഖേന കർഷകർക്കും സ്ഥാപനങ്ങൾക്കും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷഫോം www.ksacc.kerala.gov.in ബന്ധപ്പെട്ട ജില്ല ഫീൽഡ് ഓഫീസറിൽ നിന്നും ലഭിക്കും. ചെയർമാൻ, കെ.എസ്.എ.സി.സി. അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം- 691001 വിലാസത്തിൽ ഓഗസ്റ്റ് 15നകം അപേക്ഷ) നൽകാം. ഫോൺ 0474-2760456 കോ-ഓർഡിനേറ്റർ (സൗത്ത്) 9496046000 കോ-ഓർഡിനേറ്റർ (നോർത്ത്)-9496047000.

4. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് നേര്യമംഗലം ഫാമിൽ നിന്നും തൈകൾ വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240, 9656858850 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിലെ മിൽക്ക് വിതരണത്തിനായി താഴെ പറയുന്ന അളവിലുള്ള മിൽക്ക് ക്യാൻ വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട് ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് മിൽക്ക് ക്യാൻ വിതരണം സംബന്ധിച്ച ക്വട്ടേഷൻ 2025-26 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 09/07/2025-തിയതി രാവിലെ 11 മണിവരെയാണ്. നിശ്ചിത പരിധിക്കുള്ളിൽ ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. അടിയന്തര സാഹചര്യത്തിൽ യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നിരാകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷനുകൾ തുറക്കാൻ നിശ്ചയിച്ച ദിവസം അവധിയായി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചയിച്ച് സമയത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും ക്വട്ടേഷൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാലയിൽ പുതിയതായി ആരംഭിച്ച ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ കോഴ്സ് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. അപേക്ഷിക്കേണ്ട അവസാന തിയ്യതി 30 ജൂൺ 2025 ആണ്. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾക്ക് https://www.admissions.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9446370726, 8714253165 എന്നി നമ്പരുകളിൽ ബന്ധപ്പെടുക

7. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഇക്കണോമിക്സ് ഡിവിഷനിൽ 'ജൂനിയർ റിസേർച്ച് ഫെല്ലോ'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തുപരീക്ഷയും വാക്ക് ഇൻഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർ ഇക്കണോമിക്സ്/അപ്ലൈഡ് ഇക്കണോമിക്സ്/അഗ്രിക്കൾച്ചറൽ ഇക്കണോമിക്സ് എന്നിവയിലേതിലെങ്കിലും ബിരുദാനന്തരബിരുദവും ഡാറ്റ കളക്ഷനിലും അനാലിസിസിലും ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 ജൂൺ 30-ാം തീയതി



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം-686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

8. കേരള കാർഷികസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ, ' അലങ്കാര മത്സ്യകൃഷി, വളർത്തു മത്സ്യ കൃഷി ' എന്നീ വിഷയങ്ങളിൽ 6 മാസത്തെ പ്രായോഗിക പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 5 പേർക്ക് ആയിരിക്കും ആദ്യത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക . വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസ് സമയത്തിൽ 07.07.2025 ന മുമ്പായി (10 മണിക്കും 5 മണിക്കും ഇടയിൽ)

ബന്ധപ്പെടുക -ഫോൺ നമ്പർ 0487-2370773, 8547070773

9. **കാർഷിക നിർദേശം**

കമുകിനെ ബാധിക്കുന്ന മഹാളി രോഗത്തിനെതിരെ മുൻകരുതൽ എന്ന നിലയ്ക്ക് മഴയ്ക്കു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കണം. ജാതി, വാഴ എന്നിവയ്ക്കും മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വീര്യമുള്ള ബോർഡോ മിശ്രിതം തളിയ്ക്കുന്നതും വെള്ളം വാർന്നു പോകാനുള്ള ചാലുകൾ എടുക്കുന്നതും മഴ ക്കാല രോഗങ്ങൾ വരാതിരിക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം